**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 06.08.2018 ലെ OA 1387/2018 നം. ഉത്തരവ് പാലിച്ച് ഇടുക്കി ജില്ലയിലെ പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കണമെന്ന അനക്സർ എ 4 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 49/2019/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 08/01/2019**

---

പരാമർശം : 1. 08/08/1988 ലെ സ.ഉ(എം.എസ്) 42/88/പി&എ.ആർ.ഡി ഉത്തരവ്

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 06.08.2018 ലെ OA 1387/2018 നം. ഉത്തരവ്

**ഉത്തരവ്**

ശ്രീ. ഫെമിൻ ജോസഫ് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1387/2018 ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അനക്സർ എ 4 നിവേദനം പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദേശിച്ചിരുന്നു. ഇടുക്കി ജില്ലയിലെ എൽ.ഡി.വി ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ നിയമനത്തിനുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടയാളാണ് അപേക്ഷകൻ. ഇടുക്കി ജില്ലയിലെ പഞ്ചായത്തുകളിലെ താൽക്കാലിക ഡ്രൈവർമാരെ പൂർണ്ണമായും മാറ്റി പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകനുൾപ്പടെയുള്ളവർക്ക് അർഹമായ പരിഗണന നൽകണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൻ സമർപ്പിച്ച 19.07.2018 ലെ നിവേദനമാണ് അനക്സർ എ 4.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 5(iii) പ്രകാരം വാഹനം വാങ്ങുന്നതിന് അനുമതി നൽകുന്നതോടൊപ്പം തന്നെ ഡ്രൈവർ തസ്തികയും അനുവദിക്കുന്നതായിരിക്കുമെന്നാണ് നിർദേശിച്ചിട്ടുള്ളത്. എന്നാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ഡ്രൈവർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തൽക്കാലം കഴിയുകയില്ല.

മേൽ സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ പഞ്ചായത്തുകളിലെ താൽക്കാലിക ഡ്രൈവർമാരെ പൂർണ്ണമായും മാറ്റി ഡ്രൈവർമാരുടെ തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തണമെന്ന അനക്സർ എ 4 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (2) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. ഫെമിൻ ജോസഫ്, ഏറത്തടത്തിൽ, മണിയാറൻകുടി. പി.ഒ, ഇടുക്കി

അഡ്വക്കേറ്റ് ജനറൽ, കേരളം, വഞ്ചിയൂർ, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/165/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ